
# മായാത്ത സ്ലേറ്റ്

ജി.എച്ച്.എസ് കാപ്പിൽ കാരാട്

2018-19



# സമർപ്പണം

കേരളത്തിലെ ജനതയെ മുഴുവൻ കണ്ണീരിലാഴ്ത്തിയ പ്രളയത്തിൽ,,,,,,

ഒരു കൈത്താങ്ങായി നിന്ന സൈനികസഹോദരങ്ങൾക്ക് ഞങ്ങളുടെ ഈ ഇ-മാഗസിൻ ഞങ്ങൾ സമർപ്പിച്ചുകൊള്ളുന്നു........



"ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം".....

- മഹാത്മാ ഗാന്ധി

# Inspiration



"ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം,

ഉറക്കം കെടുത്തുന്നതാണ് സ്വപ്നം"..

-എ.പി.ജെ.അബ്ദുൾ കലാം

# *OURSCHOOL*









# Wishes from Headmistress

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിലുള്ള ഡിജിറ്റൽ മാഗസിന്റെ പ്രകാശനം ചെയ്യുന്നതിൽ വളരെയധികം സന്തോഷം തോന്നുന്നു. ഡിജിറ്റൽ മാഗസിന് എല്ലാ നന്മകളും നേരുന്നു. ഈ മാഗസിനു വേണ്ടി പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും, അധ്യാപകർക്കും ഞാൻ അഭിനന്ദങ്ങൾ നേർന്നു കൊള്ളുന്നു.



എന്ന്

ഹെഡ്മിസ്ട്രസ് സോണി എബ്രഹാം

# SPECIAL THANKS TO


SMT.SREEJA
STAFF SECRETARY



SRI.RAMESHAN
PTA PRESIDENT



NAVEEN KRISHNAN
ADVISOR



MUHAMMED SHAMIL
SCHOOL LEADER



# Our masters

***Smt.SREEKKUTTY***
***KITE MISTRESS***



***Sri.SARATH***
***KITE MASTER***






# തുടങ്ങാം,,,, ല്ലേ.........

അറിവിന്റെ നിറവിലേക്ക് അക്ഷരങ്ങളുടെ വെള്ളിവെളിച്ചം മായാത്ത

മുദ്രകൾ ചാർത്തിയ വർഷസായന്തനത്തിൽ മാഗസിൻ വിസ്മയം

കലാലയ വാതായനങ്ങൾ തുറന്നെത്തുന്നു മാനസച്ചെപ്പിൽ

നീലിമയേറ്റകിടന്ന സ്കൂൾ അനുഭവങ്ങളെ ഒരു ദീപാവലയത്തിനുള്ളിൽ

ആയിരമായിരം ദൃശ്യവിനിമയങ്ങൾ തീർക്കാൻ മിടുക്കികളും മിടുക്കൻമാരും

അരങ്ങൊരുക്കുന്നു കടന്നുപോയ പകലിരവുകളും വരാനിരിക്കുന്ന

നിറമുള്ള പുലരികളും ഓർമകൾക്ക് നൈമിഷികത പോലുമില്ലാത്ത ഈ

ഡിജിറ്റൽ യുഗത്തിൽ ഓരമകൾക്ക് ദൃശ്യവിസ്മയത്തിലൂടെ

അനശ്വരതയുടെ മാറ്റൊലിതീർക്കാൻ ഒരു കുട്ടിക്കൂട്ടം ഇതാ

മണിമുഴക്കികഴിഞ്ഞു..

രജിഷ

ഉള്ളടക്കം


| | |
|---|---|
| പഠനയാത്ര | 12,13 |
| ബഷീറിന്റെ കവിത | 14 |
| വർണ്ണരാജി | 15,16 |
| Father of....... | 17 |
| പാരിജാതം | 18 |
| അമ്മ | 19 |
| Motivative quotes by businessmen | 20,21 |
| അക്കിത്തത്തിന്റെ കവിത | 22 |
| വെളിച്ചത്തിന്റെ നാമ്പുകൾ തേടി | 23,24,25 |
| Riddles | 26 |
| പ്രകൃതിനാദം,സഖി | 27,28,29 |
| IT inventors | 30 |
| അഹിംസാ പിതാവ് | 31 |
| സാസിന | 32 |
| proverb | 33,34 |
| മഴക്കാല കടങ്കഥകൾ | 35 |
| हिन्दी मुहावरे | 36,37 |
| हिन्दी कवितायें | 38 |
| Toungue Twisters | 39,40 |

| | |
|---|---|
| Fairy Tale | 41 |
| തുണയായി അവളിൽ<br>ഭൈമി പറയുന്നു | 42,43<br>44,45 |
| പ്രളയത്തെ കടന്ന് | 46 |
| മഴ പെരുമഴ | 47 |
| ഉഴിഞ്ഞു വെച്ച ജീവിതം | 48,49 |
| ആരാണ് ഞാൻ | 50,51 |
| മഴ പെയ്തു | 52 |
| എന്റെ സ്വന്തം മാമൻ | 53 |
| ഓക്കുമരത്തിലേയ്ക്ക് | 54,55,56 |
| Some drawings | 57 |
| Editorial board | 58 |
| നന്ദി | 59 |

**നവീൻകൃഷ്ണൻ.പി**
**10-A**

# പത്താം ക്ലാസിലെ പഠനയാത്ര



കഴിഞ്ഞ കൊല്ലം പത്താം ക്ലാസുകാർ ടൂർ പോയപ്പോൾ ഞങ്ങൾ ആകാംക്ഷയോടെ ഞങ്ങളുടെ ടൂറിനു വേണ്ടി കാത്തിരുന്നു.ആ ദിവസം വന്നെത്തിയപ്പോൾ ഞങ്ങൾ സന്തോഷിച്ചു.ടൂറിനുവേണ്ടി പലതരം പലഹാരങ്ങളും ഞങ്ങൾ വാങ്ങിച്ചു. രാവിലെ നാലുമണിയ്ക്ക് യാത്രപുറപ്പെട്ട ഞങ്ങൾ ബസ്സിൽ ഡാൻസ് കളിച്ച് ഏകദേശം പത്തുമണിയോടെ ഞങ്ങൾ ഗുണ്ടൽപേട്ട എത്തി.നല്ല അടിപൊളി ഭക്ഷണവും കഴിച്ച് യാത്ര തുടർന്ന ഞങ്ങൾ ബന്ദിപൂർ വനത്തിലൂടെ കടന്നുപോകുമ്പോൾ മാനുകളെയും മയിലുകളെയും കാട്ടുപോത്തുകളെയും ആനയെയും കണ്ടുരസിച്ചു.ആദ്യമായി ഞങ്ങൾ എത്തിച്ചേർന്നത് മൈസൂർ സുൽത്താൻമാർ പണികഴിപ്പിച്ച ആഡംബരമായ പാലസ് ആണ്.ആരെയും അത്ഭുതപ്പെടുത്തുന്ന വളരെ ഗംഭീരമായൊരു കോട്ടയാണത്.പിന്നീട് ഞങ്ങൾ ടിപ്പുവിന്റെ ശവക്കല്ലറയിലേക്കും ടിപ്പുവിന്റെ കോട്ടയിലേക്കും വാട്ടർ ജയിലിലേക്കുമാണ് പോയത്.അതിനുശേഷം ഞങ്ങൾ പോയത് അതിമനോഹരമായ ആരെയും വിസ്മയിപ്പിക്കുന്ന വൃന്ദാവൻ

ഗാർഡനിലേക്കായിരുന്നു.പൂക്കളെക്കൊണ്ട് സമ്പുഷ്ടമായിരുന്ന ആ ഗാർഡനിൽനിന്ന് ലേസർ ഷോയും കണ്ട ശേഷം ഞങ്ങൾ ഭക്ഷണം കഴിക്കാനായിരുന്നു.എന്നാൽ ഞങ്ങൾക്ക് വലിയൊരു സർപ്രൈസ് ഉണ്ടായിരുന്നു.ഞങ്ങളെ ഭക്ഷണം കഴിക്കുന്നതിനു മുമ്പ് ഡിജെ പാർട്ടിയ്ക്ക് കയറ്റി.ഞങ്ങൾ ഡിജെ പാർട്ടി അടിച്ചുപൊളിച്ചതിനു ശേഷം സ്വാദിഷ്ടമായ ഭക്ഷണം കഴിച്ചു റൂമിലേക്കുപോയി.പിറ്റേന്നു സൂവിലേക്കു പോയി ഞങ്ങൾ ജിറാഫിനെയും സ്നേഹമുണർത്തുന്ന പക്ഷികളെയും ഭയപ്പെടുത്തുന്ന മൃഗങ്ങളെയും വലിയ വലിയ പാമ്പുകളെയും കണ്ടുരസിച്ചു.പിന്നീട് ഞങ്ങൾ വളരെ ഉയരെ സ്ഥിതി ചെയ്യുന്ന ചാമുണ്ഡി ഹിൽസിലേയ്ക്കു എത്തി.അവിടെനിന്നു നോക്കിയപ്പോൾ സ്വർഗം കണ്ടതുപോലെ ഞങ്ങൾക്കു അനുഭവപ്പെട്ടു.അവിടെ നിന്ന് എല്ലാവരും കൂടി ഗ്രൂപ്പ് ഫോട്ടോ എടുക്കുകയും ഷോപ്പിങ് ചെയ്യുകയും ചെയ്തു.അതിനു ശേഷം ഞങ്ങൾ ബസ്സിൽ കയറി പാട്ടിട്ടു ഡാൻസുകളിച്ചു വീട്ടിലേക്കു തിരിച്ചു.അങ്ങനെ ഞങ്ങളുടെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഒരു കുത്തായി,ഒരു ഭാഗമായി ആ യാത്ര കുറിയ്ക്കപ്പെട്ടു.....




" സ്നേഹമാണഖിലസാരമൂഴിയിൽ

സ്നേഹസാരമിഹസത്യമേകയാം"

- കുമാരനാശാൻ

# വൈക്കം മുഹമ്മദ് ബഷീർ



ആ പൂവ് നീയെന്തു ചെയ്തു?

ഏതു പൂവ്?
രക്തനക്ഷത്രം പോലെ
കടും ചെമപ്പായ ആ പൂവ്

ഓ അതോ???

അതെ അതെന്തു ചെയ്തു?
തിടുക്കപ്പെട്ടു
അന്വേഷിക്കുന്നതെന്തിനു?
ചവിട്ടി അരച്ചു കളഞ്ഞോ
എന്നറിയാൻ?
കളഞ്ഞെങ്കിലെന്ത്?

ഓ........ഒന്നുമില്ല



എന്റെ ഹൃദയമായിരുന്നു അത്.........

# വർണ്ണരാജി

*"Have a break have a kitkat"* എന്ന പരസ്യവാചകത്തെ-
യും താലോലിച്ച് ക്ലാസിൽ രവിയേട്ടന്റെ ബെല്ലും കാത്തിരിക്കുമ്പോഴാണ്
വരാന്തയിലൂടെ ഒരു ചിരിമഴ ഒഴികിപ്പോയത്. രാജിടീച്ചറുടെ പുസ്തക-
ക്കെട്ടുകൾക്കിടയിൽ നിന്നും ആരോ പരിചയഭാവത്തിൽ എന്നെ നോക്കി
തലയാട്ടിയോ........... ഉം......... സത്യം ഇന്റർവെല്ലിനു ബെല്ലടിച്ചു.
ഞാൻ സ്റ്റാഫ്റൂമിലേയ്ക്ക് ഓടിയെത്തി. ചന്ദ്രേട്ടന്റെ കട്ടൻ കാപ്പി എന്നെ
മാടിവിളിച്ചു. കൈയ്യിൽ ആവിപറക്കുന്ന കാപ്പിയുമായി സൊറ
പറഞ്ഞിരിക്കുമ്പോഴാണ് കണ്ണുകൾ രാജിടീച്ചറുടെ മേശപ്പുറം
പരതിനോക്കിയത്.

സെല്ലോടേപ്പിൽ കുപ്പായമണിഞ്ഞ ഒരു കലൈഡോസ്
കോപ്പ്, മനുഷ്യന്റെ ഏറ്റവും മനോഹരമായ കണ്ടുപിടുത്തം . എന്നെ സ്വപ്നം
കാണാൻ പഠിപ്പിച്ച ഉപകരണം.
മനസ്സിനെ ഇത്രയേറെ ഇരുത്തിചിന്തിപ്പിച്ച വേറൊരു വസ്തുവില്ല.
ഭൂതകാലത്തെയും വർത്തമാനകാലത്തെയും ഭാവികാലത്തെയും സൂചിപ്പി-
ക്കുന്ന മൂന്നു കണ്ണാടിച്ചില്ലുകൾ. നാനാവർണ്ണത്തിലുള്ള അനുഭവങ്ങളുടെ
കുപ്പിവളപ്പൊട്ടുകൾ അതിൽ ചിതറുമ്പോൾ മനസ്സാകുന്ന കുഞ്ഞുത്രികോണ
കണ്ണാടി അതിനെ പ്രകാശപൂരിതമാക്കുന്നു. മനസ്സ് അതാര്യമാകുമ്പോൾ

കാണുന്നതെല്ലാം ശ്യാമവർണ്ണം. പിന്നണിയിൽ  രാജിടീച്ചറുടെ ചിരികേ-ട്ടാണ് ഓർമ്മകളിൽ നിന്നും ഉണർന്നത്. കുപ്പിവളകിലുക്കം പോലെയുള്ള ചിരി, കാണുന്നവന്റെയും കേൾക്കുന്നവന്റെയും മനസ്സിൽ സന്തോഷം വിരിയിക്കുന്ന ചിരി, രാജിടീച്ചറുടെ കൈയ്യിൽ കലൈഡോസ് കോപ്പ് കണ്ടപ്പോഴാണ് ദൈവം അർഹതപ്പെട്ടവരുടെ കൈകളിൽതന്നെയാണ് സൃഷ്ടികൾ നൽകുന്നതെന്നെ സത്യം ബോധ്യപ്പെട്ടത്. പെട്ടന്ന് തുലാവ-ർഷകുണ്‍  പോലെ ഒരു ചോദ്യം മനസ്സിൽ മുളച്ച് വന്നു.  കലൈഡോസ് കോപ്പിന്റെ മലയാളം പേര് എന്താണ്?  വേറെ  പേര് ആവശ്യമുണ്ടോ എന്ന ഭാവത്തിൽ ശ്രീജടീച്ചറുടെ പുഞ്ചിരിക്കണ്ണുകൾ  എന്നെ നോക്കി. നാലാം ക്ലാസിലെ സർവവിജ്ഞാന കോശത്തെ തേടിയാണ് പിന്നീട് എന്റെ കാലുകൾ ചലിച്ചത്. രാമലിംഗംപിള്ളയെ കൂട്ടുപിടിച്ച് രഘുസാർ പറഞ്ഞു. “ബഹുവിചിത്രവർണ്ണരൂപദർശിനി". കേട്ടമാത്രയിൽ എന്റെ മുഖത്തുണ്ടായ ഭാവം ബീഭത്സത്തേക്കാൾ ഭീകരമായിരുന്നു. ആ നിമിഷം പെയ്യാൻ ഒരുങ്ങുന്ന മഴ മേഘങ്ങളെ സാക്ഷി നിർത്തി ഞാൻ മനസ്സിൽ ഉറക്കെ പ്രഖ്യാപിച്ചു. കലൈഡോസ് കോപ്പ് എന്നാൽ " വർണരാജി". രാജിടീച്ചറുടെ സ്പർശമില്ലാതെ ആ കുപ്പിവളപ്പെട്ടിക്കെങ്ങനെ നാമകരണം നടത്തും?.



# FATHER OF ............

1. Father of Biology - Aristotle
2. Father of Botany - Theophrastus
3. Father of Bacteriology - Louis Paster
4. Father of Ayurveda - Charaka
5. Father of Genetics - Gregor Mendel
6. Father of Biochemistry - Carl Alexander Neuberg
7. Father of Genetic engineering - Paul Berg
8. Father of Taxonomy - Carolus Linnaeus
9. Father of Ornithology - Hume
10. Father of Plant physiology - Stephen Hales

-Krishnapriya .v

9.A

# പാരിജാതം

പാരിജാത പുലരിയിൽ ഒരു പാരി-

ജാതമായി വന്നു നീ

തഴുകുമെന്നിലെ  നറുനിലാ.......

ഒഴുകും നിന്നിലെ കതിരൊളി

വിജനകോണിൻവീഥിയിൽ

വ്രണിതമാമെൻ മനസ്സിലായ്

ശലഭമാം മേഘമായ്

(പാരിജാതം)

-സൂര്യാ കൃഷ്ണ

**9-A**

# അമ്മ

*എന്റെ  ജീവനാ എന്റെ ശ്വാസമാ*

*എന്റെ ഹൃദ്യമാമെൻ അമ്മ*

*എന്റെ ദൈവമാ എന്റെ ലോകമാ*

*എൻ അമ്മ*

*സ്നേഹമാം ലോകവും ബോധമാം താളവും*

*പ്രാണനിൽ പ്രാണനായി..എന്റെ ജീവൻ അമ്മ*

*-   സൂര്യാ കൃഷ്ണ*

***9-A***

# MOTIVATIVE QUOTES BY BUSINESSMEN

. "Define success on your own terms achieve it by your own
rules, and build a life you 're proud to live."
_former president of
Disney channel

. " your time is limited, so don't waste if living someone
else 's life."
_co. founder of apple

. " never give up. Today is hard, tomorrow will be worse,
but the day after tomorrow will be sunshine"
_founder of Alibaba Group

. " fou shouldn't blindly accept a leader's advice. You'
ve got to question leaders on occasion
_founder of virgin Group

. "surround yourself with only people who are gring
to life you higher"
_founder of Harpo

*productons*

. “Sweafing the defail is more important than anything
else”

_ceo of pepsico

. “One doesn't discover new lands without consenting to
lose sight of the shore for a very long time”

_Andre Gide

. “nothing will work unless you do”

_author of “I know why the caged
Bird sings”

. “what would you do if you were not afraid?”

_Coo of face book”

. “ The most Courageous act is still to think
for yourself. Aloud”

_founder of chanel

. “Always deliver more than expected”

_co -founder of Google

. “It's not about ideas it's about making ideas happen”

_co-founder of Behance

-shifa sherin and hafeefa_

# അക്കിത്തം അച്ച്യുതൻ നമ്പൂതിരി



' ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവെ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി മറ്റു-
ള്ളവർക്കായ് ചെലവാക്കവെ
ഹൃദയത്തിലുലാവുന്നു
നിത്യ നിർമ്മല പൗർണമി'

# വെളിച്ചത്തിൻെറ നാമ്പുകൾ തേടി

നിശബ്ദത നിറഞ്ഞ ആ രാത്രിയിൽ മെഴുകുതിരിയുടെ വെളിച്ചം മാത്രമായിരുന്നു ഞങ്ങൾക്ക് ആകെയുണ്ടായിരുന്ന ഒരു ആശ്രയം. ചുറ്റും ഇരുട്ടായിരുന്നതിനാൽ എനിക്കവളേയോ അവൾക്കെന്നേയോ കാണാൻ സാധിക്കുന്നില്ല. മെഴുകുതിരി ഉരുകി തീരുന്നതുപോലെ ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷവും ഉരുകിതീരുന്നുണ്ടായിരുന്നു. ആ ഓരോ നിമിഷവും ഞങ്ങൾ ഞങ്ങൾക്ക് വേണ്ടി ചിലവഴിച്ചു. ഓർത്തെടുക്കുന്ന ഓരോ ഓർമയിലും ഞങ്ങൾക്ക് ഞങ്ങളുടെ സൗഹൃദം ഓർമ വന്നു. പഴയ ഓർമകളിൽ നിറഞ്ഞുനിന്ന ധാരാളം പേർ മാഞ്ഞുപോയി. ഇപ്പോൾ ഞങ്ങൾ രണ്ട് പേർ മാത്രം തനിച്ചായി. ആ ഭയാനകമായ വലിയകാട്ടിൽ പലതരം പേടിപ്പെടുത്തുന്ന ശബ്ദങ്ങൾ നിറഞ്ഞുനിന്നു. അൽപം വിശ്രമിക്കാനായി ഒരിടം തേടി ഞങ്ങൾ ആ കാട്ടിൽ അലഞ്ഞു നടന്നു. ഒരു കാറ്റിൽ തീരും ഞങ്ങളുടെ ജീവിതത്തിലെ വെളിച്ചം.രാത്രിയുടെ കറുത്ത നിറം മാഞ്ഞുപോകുന്നുണ്ട്. അത് ഞങ്ങൾക്കുള്ള ഒരു വഴികാട്ടിയാകാം എന്നു വിചാരിച്ചു. നിലാവ് പരന്നാൽ ഞങ്ങൾക്ക് ഞങ്ങളുടെ യാത്ര എളുപ്പമായിരിക്കും എന്നു തോന്നി. പെട്ടന്നു തന്നെ ഞങ്ങൾക്ക് വേണ്ടി എന്നു കരുതാം, നിലാവ് പരന്നു. ചന്ദ്രൻെറ ആ തിളക്കമാർന്ന മുഖം വള്ളിപ്പടർപ്പുകളുടേയും കുറ്റൻ മരങ്ങളുടേയും ഇടയിലൂടെ ഞങ്ങൾ കണ്ടു. ഞാൻ അവളെ ഒന്നു നോക്കി. നിലാവ് പരന്നതിനാൽ അവളുടെ ആ തിളക്കമാർന്ന മുഖം കുറച്ച് എനിക്ക് കാണാമായിരുന്നു. അടുത്ത് കണ്ട വലിയ മരത്തിൻെറ ചില്ലകളിലേക്ക് ഞാനൊന്ന് നോക്കി. ആ മരത്തിൽ കയറാൻ എളുപ്പമായിരിക്കും എന്നു ഞങ്ങൾ കരുതി. ഞങ്ങൾ രണ്ടുപേരും ആ മരത്തിൽ കയറാൻ കുറച്ച് പ്രയാസപ്പെട്ടെങ്കിലും ഞാനും അവളും ആ മരത്തിൽ കയറി ഇരുന്നു, ആശ്വാസമായൊന്ന് നിശ്വസിച്ചു. പഴയ ഓർമ്മകളിലേക്കാണ്ടുപോയി.

ബാംഗ്ലൂരിൽ അറിയപ്പെട്ട ഒരു കോളേജിലായിരുന്നു ഞങ്ങൾ പഠിച്ചിരുന്നത്. എട്ട് മാസമായി ഞങ്ങൾ ആ കോളേജിൽ

പഠിച്ചുകൊണ്ടിരിക്കുന്നു. ക്ലാസിലെ സൗഹൃദ ബന്ധങ്ങൾ മറക്കാൻ കഴിയാത്തതാണ്. ഒരുപാട് സന്തോഷങ്ങൾ നിറഞ്ഞ ആ നിമിഷങ്ങൾ ചിരിച്ചും കളിച്ചും ഞങ്ങൾ ചിലവഴിച്ചു. ഇടക്കുള്ള ആ യാത്രയിൽ ഞെട്ടറ്റ പൂവിനെ പോലെ ഞങ്ങൾ നിലംപതിച്ചു. അതിലെ ഓരോ ഇതളിനേയും പുഴുക്കൾ ചവച്ചരച്ചിറക്കി, പുഴുക്കൾക്ക് കൊടുക്കാതെ രണ്ടിതളുകളെ കാറ്റെടുത്തോണ്ടുപോയി, കാട്ടിൽ കൊണ്ടിട്ടു. ആ രണ്ടിതളുകളെ ദൈവം സംരക്ഷിച്ചു.

കോളേജിലെ സൗഹൃദങ്ങൾ പുതുക്കാൻ വേണ്ടി ഞങ്ങൾ ഒരു യാത്ര തീരുമാനിച്ചു. യാത്രയിൽ മൂന്നുമണിക്കൂർ മാത്രമേ ഞങ്ങൾക്ക് സന്തോഷിക്കാൻ കഴിഞ്ഞുള്ളൂ . വൈകുന്നേരം അഞ്ചുമണിക്ക് ബസ് പുറപ്പെട്ടു. ഞങ്ങൾ സന്തോഷവാൻമാരായിരുന്നു. ഒരു കാടു നിറഞ്ഞ വഴികളിലൂടെ യാത്ര തുടർന്നു. അപ്പോൾ രാത്രി ഏഴുമണി കഴിഞ്ഞിരുന്നു. ഒറ്റപ്പെട്ട വഴിയിലൂടെ ബസ് മുന്നോട്ടുപോയി. യാത്രയിലെ പിന്നിട്ട വഴികൾ സന്തോഷത്തിലാണെങ്കിലും മുന്നോട്ടുപോകുന്തോറും സന്തോഷങ്ങൾ മങ്ങിക്കൊണ്ടിരുന്നു. വഴികളെ വിശ്വസിക്കല്ലെന്നാരോ മന്ത്രിച്ചു. പെട്ടെന്നെന്തോ സംഭവിച്ചു! പിന്നെ ഞാൻ കണ്ണുതുറന്നപ്പോൾ ഞാനും എൻെറ തൊട്ടടുത്തിരുന്ന അവളും വിചനമായ ഒരു വന ചത്വരത്തിലാണെന്നു തോന്നുന്നു !. ഞാൻ അവളെ വിളിച്ചുണർത്തി , എന്താ സംഭവിച്ചതെന്നു ചോദിച്ചു. അവളുടെ ഉത്തരം എന്നെ തൃപ്തിപ്പെടുത്തിയില്ല. അവളുടെ മറുപടി എനിക്കറിയില്ലാ എന്നായിരുന്നു. എന്താണ് സംഭവിച്ചതെന്ന് എനിക്കോ അവൾക്കോ അറിയില്ലായിരുന്നു. (സത്യത്തിൽ ബസ് അപകടത്തിൽപ്പെട്ടതായിരുന്നു). പേടിയോടെ എല്ലാത്തിനേയും നോക്കി, എന്താണ് സംഭവിച്ചതെന്നറിയാതെ വെറുമൊരു മെഴുതിരി നാളത്തിൻെറ വെളിച്ചത്തിൽ രക്ഷയോ, ലക്ഷ്യമോ ഇല്ലാതെ ഞങ്ങൾ നടന്നുതുടങ്ങി. ഒടുവിൽ എത്തിപ്പെട്ടൊരു മരത്തിൽ കയറി വിശ്രമിച്ചു. രക്ഷ തേടി അലഞ്ഞ ഞങ്ങളുടെ ഒരു രക്ഷകനായിരുന്നു ആ വൃക്ഷം.


ഉറക്കം മുറുകുന്നില്ല. ഞാനവളെ ഒന്ന് വിളിച്ചു നോക്കി. "

“ലിയോണാ....” ഒറ്റവിളിക്കുതന്നെ അവൾ വിളിക്കേട്ടു. "എന്താ ലയനാ..” ഇനി നമ്മൾ രക്ഷപ്പെടുമോ...........???

(നിശബ്ദമായ ആ രാത്രിയുടെ നിലാവിൽ ഈ ചോദ്യം പ്രതിധ്വനിച്ചു. ഇതിനുത്തരം പുഞ്ചിരി തൂകുന്ന ചന്ദ്രനോ ഉതിച്ചു വരാനിരിക്കുന്ന സൂര്യനോ , പറയാൻ കഴിഞ്ഞില്ല..........

അനന്തമായ ആ ഇരുട്ടിൻെറ കോണിലേക്ക് നോക്കി ഈ രണ്ടു പെൺ കുട്ടികൾ സൂര്യൻെറ പുതു രശ്മികളേയും , കാനനനിശ്ശബ്ധതയിൽ നിന്നും ഒരു രക്ഷകൻെറ പ്രതീക്ഷകളുടേയും പുതു ഉണർവിൻെറയും ഹസ്തങ്ങൾക്കായി അവർ കാത്തിരുന്നു.......,,,,,

ഹഫീഫ അസീസ് ടി.പി.,
ഷിഫാ ഷെറിൻ വി



" കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾകശക്തിയിലേക്ക് നമ്മൾ"
-ഇടശ്ശേരി



# RIDDLES

* What has a face and two hands but no arms or legs?
A CLOCK
*What has a neck but no head?
A BOTTLE
*What belongs to you but is used more by others?
YOUR NAME
*I have all the knowledge you have. But I am small as your fist that your hands can hold me. Who am I?
I'M YOUR HEART
*I have 28 days in a month. Which month I am ?
ALL MONTHS IN A YEAR HAVE 28 DAYS AND MANY HAVE MORE THAN 28 DAYS
*What has one eye but can't see?
A NEEDLE

ASWATHY.P
9.A

കവിത

# പ്രകൃതി നാദം



കിരൺ സുരേഷ്
8-A

മലരേ, നിൻ മുൻപിൽ ഞാനിതാ
കാണിക്ക വച്ച നമസ്കരിപ്പൂ !
ആകാശവീഥിയിൽ ആഞ്ഞടിക്കുന്ന നിൻ
ചിറകടി നാദം ഞാൻ കേട്ടിരിപ്പൂ !

പ്രകൃതിയായ്, അമ്മയായ്, വായുവായ്
നിൻ മക്കളായ് അമ്മേ ഞങ്ങൾ
നിൻ സസന്തോഷം എൻ മനം
വിസ്മയം ! വിസ്മയം ! അതിവിസ്മയം !

നീ സൗന്ദര്യം ചിരിപ്പൂ
ചിരിപ്പൂ മനവിസ്തൃതം
ചോരാത്ത മഴയിൽ ഊക്കോടെ പെയ്തിടും
കാറ്റൊ, മരമോ, പുൽച്ചെടിയോ,...?

താരകപൊയ്കയിൽ നീന്തി
നീരാടി നീ ചിരിപ്പീ നിൻ മക്കളായ്
കിളിയും, കുന്നും, താഴ്വരയും
പുലരിയിൽ സൂര്യനായ് നാദതരംഗമായ്...,

നിൻ മക്കളായ് മാനുഷ്യർ
വെട്ടി നികത്തി മഴവില്ലിനെ
എന്തിനിങ്ങനെ ക്രൂരത
പറയൂ... കരയൂ... ചിരിപ്പൂ...

എങ്ങനെ നീ സഹിപ്പൂ
ഈ നൊമ്പര സ്പർശങ്ങൾ
എന്നെ കൊന്നിടും
തീ കനൽ കട്ടയായ്...!

കാൺമതും, കേൾപ്പതും നിൻ
മനം തന്നെയാണെങ്കിലും
പ്രകൃതി തൻ സങ്കടനാദം
നീ കേൾപ്പതില്ലയൊ കാർമേഘമെ....

കാട്ടിനുള്ളിലെ കരിങ്കാറായ്
കരയൂ മന വിസ്തൃതം
കാൺമതും, അറിവതും നീ
എന്തിനെ ക്രൂരത എന്നോടുമാത്രം,?

മരിച്ചുവീഴും നിൻ മക്കളായ്
മരവും, കുന്നും, കിളികളും, താഴ്വരയും
മാർമഴവില്ലും ചന്ദ്രികയും നിൻ
ഭൂമി സുന്ദരം... സുന്ദരം...അതിസുന്ദരം,,,

എന്തിനീ ക്രൂരത അവനോടു മാത്രം
നിർത്തു മക്കളെ നിൻ ഉന്നപയറ്റുകൾ
നിർത്തു മക്കളെ നിൻ ഉന്നപയറ്റുകൾ
നിർത്തു... അമ്മ തൻ സ്വരമല്ലേ....

'പ്രകൃതി നാദം,'

# സഖി

കാതിലെ തേൻപഴം ഓർമ്മയായ്

മാറവെ.. രാവിലും നിലാവിലും

എങ്ങുമായ് ചൊരിയവെ

ഒരു കാറ്റു പോൽ എൻ മാറി-

ലായ് ഒരു നോവുകാറ്റിൻ മൂകമായ്

പതിയേ.. സഖീ,

കാറ്റിൻ നോവു പോൽ നീ

നേർന്ന തീർത്ഥം തുള്ളിയായ്

പ്രണയിനി നീ അറിയുമോ

എൻ ജീവൻ ഇന്നു നിനക്കായ്:

**സൂര്യ കൃഷ്ണ**




# Inventors Related To Computer

*Computer - Charles Babbage
*Key board - Herman Hollerith
* Transistor - John Bardeen, Walter Brattain $ William Shockley
*RAM - An Wang $ Jay Forrester
*Trackball - Tom Cranston $ Fred Longstaff
*Integrated Circuit - Jack Kilby $ Robert Noyce
*Mouse - Douglas Engelbart
*Floppy Disk - Alan Shugart $ IBM
*Microprocessor - Faggin, Hoff $ Mazor
*Key board - Christopher Latham Sholes

- Krishnapriya .v
9.A

# അഹിംസ പിതാവ്



ആയിരമായിരം നന്മ തൻ തീ ജ്വാല
ജ്വലിപ്പൂ എന്നിൽ മഹാത്മാവെ,
താങ്കൾ എന്നിൽ കൊളുത്തിയ
നന്മനാളം എന്നിൽ വിടർന്നു
കളിപ്പൂ മഹാത്മാവെ

എന്നുള്ളിലായിരം നന്മ
തൻ കുളിർമഴ പെയ്യവെ
അങ്ങുതൻ നാമം കേൾക്കേ. .....
ഒരായിരം ജ്വാലയെന്നിൽ
ജ്വലിക്കവെ , മഹാത്മാവെ
അഹിംസയും നന്മയും എല്ലാം
ചേരുമ്പോൾ മഹത്വപൂർണ്ണമാം മഹാത്മാവായി
അഹിംസയെയും സത്യത്തെയും ആയുധമാക്കിയ
അഹിംസപിതാവേ , രാഷ്ട്രപിതാവെ
ഇരുൾതൻ കാർമേഘം ഇന്ത്യയിൽ
വീശിയപ്പോൾ സ്വാതന്ത്ര്യപുലരിയായി മാറി

അങ്ങ്
ഇരുളിന്റെ ഇരുളിൽ നിന്നിഴ-
യുന്ന മനുഷ്യനെ ഒഴുകുന്ന
നന്മ പ്രഭാതമായി മാറ്റിയങ്ങ്
അങ്ങു മരിച്ചില്ല അങ്ങു തൻ നന്മയും
മരിച്ചില്ല ഇന്നും എൻ ഉള്ളിലായ്,
അഹിംസവിടർന്നാടുമേ മഹത്മാവേ
അങ്ങയുടെ നന്മയാം അഹിംസയാം ജീവിതം
എന്നിൽ വരച്ച ഒരു പാഠമുണ്ട്

ജയ് മഹാത്മാഗാന്ധി

സൂര്യ കൃഷ്ണ .OT, 9A

# ജാൻസിയുടെ സാസിന

പണ്ടുപണ്ട് കൊറിയ എന്ന സ്ഥലത്ത് പണക്കാരായ ഒരു കുടുംബം താമസിച്ചിരുന്നു. ആ കുടുംബത്തിൽ രണ്ട് ഇരട്ടകുട്ടികൾ ഉണ്ടായിരുന്നു.


ജാൻസിയും സാസിനയും. സാസിന പാവമായിരുന്നു. എന്നാൽ ജാൻസി

സാസിനയെയും സ്വന്തം മാതാപിതാക്കളെപ്പോലും ബഹുമാനിച്ചിരുന്നില്ല . ഒരു ദിവസം സാസിന പുസ്തകംവായിച്ചു-ക്കൊണ്ടിരിക്കുകയായിരുന്നു. പക്ഷെ ജാൻസി ടി.വി കാണുകയായിരുന്നു. സാസിന ജാൻസിയോട് പറഞ്ഞു ടി.വി കണ്ടതു-മതി എന്ന്. പക്ഷെ ജാൻസി അത് കേൾക്കാത്ത ഭാവമായിരുന്നു. ജാൻസിയോട് പറഞ്ഞിട്ട് കാര്യമില്ല എന്ന് കണ്ടപ്പോൾ അവൾ വീണ്ടും പുസ്തകം വായിച്ചു. അപ്പോഴാണ് അവരുടെ അമ്മ വന്ന് പറഞ്ഞത്: നമുക്ക് ഭക്ഷണം കഴിക്കാമെന്ന്. അവർ ഭക്ഷണമെല്ലാം കഴിച്ചതിനു-ശേഷം കിടന്നു. പിറ്റേ ദിവസം അവർ സ്കൂളിലേയ്ക്ക് പോകുമ്പോൾ ജാൻസി വീണു. അത് കണ്ട സാസിന വേഗം വന്ന് അവളെ എണീപ്പിച്ചു.

സാസിന അവളുടെ കാലിലേയ്ക്ക് നോക്കിയപ്പോൾ രക്തം പോകുന്നുണ്ടായിരുന്നു. സാസിനയ്ക്ക് അമ്മ നോട്ട് വാങ്ങാൻ കൊടുത്ത രൂപയ്ക്ക് അടുത്ത കടയിൽ നിന്ന് ഒരു ബാന്റേജ് വാങ്ങി കാലിൽ വെച്ചു-കൊടുത്തു. സാസിന ജാൻസിയ്ക്ക് ചെയ്ത് നൽകിയ കാര്യം ഓർത്ത് അവൾ പിന്നെ ആരെയും ബഹുമാനിക്കാതിരുന്നില്ല.

- ആസിഫ സി.ടി

# COMMONLY USED PROVERBS IN ENGLISH LANGUAGE



1.A bad penny always turns up

2.A barking dog never bites

3.A cat may look at a king

4.A change is as good as a rest

5.A dog is a man's best friend

6.A good man is hard to find

7.A house is not a home

8.A little knowledge is a dangerous thing

9.A miss is a good as a mile

10.A new broom sweeps clean

11.A poor workman always blames his tools

12.A thing of beauty is a joy forever

13.A word to the wise is enough

14.A watched poet never boils

15.Don't keep a dog and bark yourself

16.Don't let the cat out of the bag

17.Don't mix business with pleasure

18.Don't put the cart before the horse

19.East is east and west is west

20.Don't trust anyone over thirty

21.Every picture tells a story

22.Every dog has its day

23.Empty vessels make the most noise

24.Every cloud has a silver lining

25.Good things come to those that wait

26.Good fences make good neighbours

27.Good things come in small packages

28.Fight fire with fire

29.Finders keepers ,losers sweepers

30.Fair exchange is no robbery

31.Feed a cold and starve a fever

32.Even a worm will turn

33.Every little helps

AISWARYA T.P

9.A

# മഴക്കാല കടങ്കഥകൾ

1. കടലിൻെറ മക്കളെ കാറ്റെടുത്ത് കരയിൽ വിതറി

-മഴ

2.ആവിയായ് ഞാൻ മേലോട്ട്, മഴയായ് പെയ്യും കീഴ്പോട്ട്

-മഴത്തുള്ളി

3.ചുണ്ടില്ലെങ്കിലും ചിരിക്കും ,കരയും ,അട്ടഹസിക്കും

-മേഘം

4.കണ്ണില്ലെങ്കിലും കരയും

-മേഘം

5.കാലിൽ പിടിച്ച കറുമ്പൻ, തോളിൽ കയറി

-കുട

6.കാലുകളില്ലെങ്കിലും നാടാകെ ഓടും

-മേഘം

## കടങ്കഥ പാട്ടുകൾ

1.മാനത്തുണ്ടൊരു കാറ്
കറുത്തിരുണ്ടൊരു കാറ്
മനുഷ്യനില്ലാ കാറ്
മാരിയിരിക്കും കാറ്

-മഴക്കാറ്

2.എട്ടെല്ലുള്ളൊരു കുട്ടപ്പൻ
ഒറ്റക്കാലൻ കുട്ടപ്പൻ
കാലുപിടിക്കും നേരത്തായ്
തോളിൽ കയറും കുട്ടപ്പൻ

-കുട

# हिंदी मुहावरे

1. अपने पाँव में आप कुल्हाडी मारना
   -जानबूझकर मुसीबत में पडना
2. अपना सा मुँह लेकर रह जाना
   - किसी काम में आसफल होने पर लजिजत होना
3. अरमान निकालना
   -हौसलाा पूरा करना
4. आँख दिखाना
   - कोध से देखना
5. आँखें बिछाना
   - पेम से सवागत करना
6. ख्याली पुलाव पकाना
   -असंभव बातें सोचना
7. गडे मुरदे उखाडना
   -पुरानी बातें सामने लाना

8 गाँठ बाँधना
   -अच्छी तरह याद रखना

9. गुड गोबर करना
   -बना बनाया काम बिगाड देना
10. घडें पानी पड जाना
   -अत्यधिक लज्जित होना
11. घर का न घाट का
   -अनुपयोगी
12. घाट-घाट का पानी पीना
   -बहुत अनुभवी होना
13. घुटना टेक देना
   -हार मान लेना
14. चंगुल में आना
   -काबू में आना
15. छाती पर लेटना

-जलन होना

16. जड उखाडना

-समूल नाश करना

17. जी नहीं भरना

-संतोष नहीं होना

18. जी की जी में रहना

-इच्छा अधूरी रहना

19. जी भर आना

-दया होना

20. तारे तोड लाना

-असंभव काम करना

21. तिल का ताड कर देना

-बहुत बढा चढाकर कहना

22. तलवार के घाट उतारना

-हत्या कर देना

23. ताक में रहना

-मौका देखते रहना

24. ताना मारना

-व्यंग्य करना

25. तिनके का सहारा

-थोडा सा सहारा

26. ठनठन गोपाल होना

-निरधन होना

27. जलती आग में घी डाना

-लडई बढाना

षाहमा जिषमा 9 B

# चिडिया

चिडिया रानी चिडिया रानी,
तुम हो पेडों की रानी.
सुबह सवेरे उठ जाती हो ,
ना जाने क्या गायी हो.
क्या तुम भी पढेने को जाती हो,
तो नौकरी करने को जाती हो.
शाम् से पहले आती हो,
बच्चो का दाना लाती हो.
भर-भर चोंच खिलाती दाना,
चूँ-चूँ चहक सुनाती गाना .
चिडिया राथी चिडिया राथी,
तुम हो पेडों की राथी.
आसिफा .सी डी

**-kannan c.p**

**10-a**

## ***TONGUE TWISTERS***

**** Peter piper ,***

***peter piper picked pick a peck of pickled peppers. Did peter piper picked a pickled peppers? Of peter piper picked a peck of pickled peppers . Where's the peck of pickled peppers peter piper picked?***

****Wood Chuck,***

***How much wood would a woodchuck chuck if a woodchuck could chuck wood? He would chuck, he would, as much as he could, and chuck as much wood as a woodchuck would if a woodchuck could chuck wood.***

****Ice Cream,***

***I scream, you scream, we all scream for ice cream!***

*I saw susie,

I saw susie sitting in a shoe shin shop.

*Fuzzy Wuzzy,

Fuzzy wuzzy was a bear. Fuzzy wuzzy had no hair. Fuzzy wuzzy wasn't very fuzzy, was he?

*Can you can a can,

Can you can a can as a conner can can a can?

*I have got a date,

I have got a date at a quarter to eight. I'll see you at the gate, so don't be late.

*Two witches, two watches,

If two witches, would watch which watch?

# FAIRY TALE SONG

*Once upon a time*
*In a land so far away,*
*A princess kissed a frog,*
*Well that just made his day!*

*Far across the town,*
*Red riding hood took fright-*
*she found a wolf in Granny's bed*
*when she told her good night!*


*OH!*
*Fairy tales! Fairy tales!*
*Read them every day!*
*Oh what fun it is to hear*
*How goldilocks got away!*

*Fairy tales!Fairy tales!*
*Full of joy and laughter!*
*Do you know how this one ends?*
*Why, it's happily every after*

*Hiba Sherin .A*
*9.B*



തുണയായ് അവളിൽ അനാഥത്വം മാത്രം
ഒരു കിളിയതാ തേങ്ങുന്നു........
ദൂരെയാ ചില്ലയിൽ വിഷാദമോടെ.....
സൂര്യതാപം ആഴ്ന്ന മാറിൽ തറച്ചിതാ.....
കണ്ണീർ  പൊഴിക്കുന്നു മൗനമായ്..
താങ്ങായ് തണലായ് ഒരു ചെറുതളിരില പോലുമില്ല...
താഴെ കരിയില കിളിയുടെ കൊഞ്ചൽ മാത്രം...
ആരുമില്ലാതെ  അലയുന്നതാവാമവൾ,
അനാഥയായ് ഭൂമിയിൽ പിറന്നതാവാം.
താലോലമാട്ടുവാനമ്മയില്ല,
സ്വാന്തനമേകിടാനച്ഛനില്ല,
മുജ്ജന്മപാപങ്ങൾ ഇന്നവൾ ഏകയായ്...
ശാപം കണക്കെ തലയിലേൽക്കയാകാം..
വികൃതമീ ഭൂമിയിൽ വിധിയുടെ വിളയാട്ടം..
പാടെ സഹിച്ചു  കഴിയുന്നവൾ..
മായാത്ത സ്ലേറ്റ്



ഇന്നവളിലെ ളുവൽ കൊഴിയുന്ന പോൽ-
അവൾതൻ  ആഗ്രഹം പാടെ മരിച്ചിടുന്നു.

ബാല്യ കൗമാരത്തിനു തണുപ്പു നൽകുന്ന
മാതൃസ്നേഹമാം   പച്ചയാം   ചില്ലകൾ
ഇളം കാറ്റ് വീശുന്ന വേളയിൽ എന്നെ തഴകിടും
തളിരിലെ കൂട്ടമാം പൈതൃകവും

ഇല്ല... ഇല്ലിന്നവൾതൻ ചില്ലയും തളിരിലയും ഒന്നുമില്ല.
കുന്നും ചരിവും മരുഭൂമിയും താങ്ങിടും
അവളോടിണങ്ങിടാനാരുമില്ല..

എന്തിനീ ലോകം ശപിക്കുന്നതിവളെ...
കല്ലേറു കൊള്ളിച്ചുടങ്ങുമെന്നൊ...
എന്തിനീ ഭൂമിയിൽ അനാഥത്വം മാത്രമായ്..
അവൾ തൻകരങ്ങൾ പിടിച്ചുയർത്താൻ...

പറയൂ...സമൂഹമേ ഉറക്കെ പറഞ്ഞിടൂ...
അവളുടെ ജീവിതമിനിയെത്ര മാത്രം......

ആദിത്യ . കെ

9.B

മായാത്ത സ്ലേറ്റ്

# ഭൈമി മറയുന്നു

കാലത്തിൻ അനാദിയാം ഭുവനൈക-
ചക്രം തിരിയുന്ന നാൾ വഴി
ഉയിരിൻ ചുടുചോര നൽകി
പുതുനാമ്പു വളർത്തി
ജനിമൃതികളുയടെ രണഭേരി
ജീവസ്സുകളുടെ കാല ചക്രം തിരിച്ചു
സമയമായിവിടെ വിട്ടൊഴിയുവാൻ
ജീവിത ഭാണ്ഡമഴിക്കുവാൻ
പാരിൻ പാദം പണിയുവാൻ
കർമ്മസാക്ഷിയായ് നിന്നെ ഞാൻ
സ്വർഗ്ഗത്തിനവധൂതനാക്കി
ജൈവികമാമെന്റെ ബ്രഹ്മ സ്വത്വം
ചുടലക്കളമാക്കി, താണ്ഡവ നൃത്തമാടി
പാത്രിവ്രത്യത്തിന്റെ വേരുകളരുത്തുനീ
ആര്യമാവിൻ കിളികളിൽ കൽമഷം ചാർത്തി
അവിടുത്തെ കണ്ണുകളിലെരിയുന്ന ജ്വാല
അണയാത്ത നോവിൻ കരിന്തിരിയായി
ആത്മ ദാഹം തീർക്കും ജീവന്റെ -

നീരുറവകൾ, പാഷാണനീലിമ പകർത്തി

അപമൃത്യുവേറ്റിവർ, നിശ്ചലം

നിരാലംബർ , പരിത്യക്തർ

സാന്ത്വനമോകുവാൻ ജീവന

സംഗീതമില്ലെന്റെ മുരളിയിൽ

ഈയെന്റെ നെഞ്ചിലെ, മുക്കുറ്റിമുല്ലയും

ഞാലികളില്ലാത്ത മാന്തോപ്പും

പുതുവർണക്കൂട്ടിൻ കേളീസൗധങ്ങളായി

പൂമ്പാറ്റകൾക്ക് കാരാഗൃഹമല്ല

കോമ്പല്ലുകാട്ടും സാമ്രാജ്യ ഗഹ്വരങ്ങളായി

പറയുവാൻ വയ്യെനി വിടവാങ്ങുവാൻ

നേരമായി വിട്ടൊഴിയുന്നു, കർമ്മരംഗം;

മൃതിയുടെ കാഹളം മുഴങ്ങുന്നു

കാത്തിരിപ്പു ഞാൻ സർവ്വ

മോചനത്തിൻ സ്വത്വം വെടിഞ്ഞ്

ശാന്തിയുടെ തീരം തേടി.....

കാലം തെറ്റിയ നിന്റെ ബോധമുണരുക!

ബോധമുണരുക!

രജിഷ ടീച്ചർ

# പ്രളയത്തെ കടന്ന്

കോർക്കുക കൈകകൾ നാമൊന്നാണ്
അതിജീവിക്കും ഈയൊരു പ്രളയം
ഒരുമിക്കാം നാമൊന്നാണ്
കോർത്ത് കോർത്ത്...... ചങ്ങല
നിർമിച്ച് വീണ്ടെടുക്കാം. നാ
മീ കേരളത്തെ.
ജാതിമതഭേദങ്ങളില്ലാതെ
കോർത്തു നാം മുന്നേറും.
പിഞ്ചുകുഞ്ഞുങ്ങളുടെ
രോദന നാദം
എങ്ങോ മുഴങ്ങി........
കോർക്കുക കൈകൾ നാമൊന്നാണ്
കോർക്കുക കൈകൾ നാമൊന്നാണ്
"കേരളം ഉയരട്ടെ"
"നവകേരളം ഉയരട്ടെ"

-കീർത്തന സി. ആർ
**6.A**

# മഴ പെരുമഴ

മഴ മഴ മഴ മഴ മഴ വന്നു

ഒരു മഴ ചെറു മഴ മഴ വന്നു

നല്ലൊരുപുള്ളിക്കുടയും ചൂടി

മഴയത്തൂടെ നടന്നു ഞാൻ

പേക്രോം പേക്രോം തവളകൾ പാടി

ചെറു മീനുകളോ തുള്ളിച്ചാടി

മഴ വന്നേ ഹായ് മഴ വന്നേ

മഴ മേളത്തിൻ പൊടിപൂരം

ശിവപ്രിയ

4 A

ഹാ വിജിഗീഷു മൃത്യുവിന്നായോ

ജീവിതത്തിൻ കൊടിപ്പടം താഴ്ത്തുവാൻ

- വൈലോപ്പിള്ളി

# ഉഴിഞ്ഞു വെച്ച ജീവിതം

ഗൃഹമാകുന്ന രാഷ്ട്രത്തിൽ

ഗൃഹനാഥനും അങ്ങ്.

രാഷ്ട്രപതിയാം താങ്കൾ ജീനിക്കുന്നു.

ഞങ്ങൾ തൻ മനസിൽ

രാഷ്ട്രത്തെ മൊത്തം വഹിച്ചിടുന്ന

രാഷ്ട്രത്തെ മൊത്തം ഭരിച്ചിടുന്ന

അങ്ങ് ഇന്നും ജീവിച്ചിരിക്കുന്നു,

ഞങ്ങൾ തൻ മനസിൽ

ലോകമാം കുടുംബത്തിൽ നട്ടെല്ല് നിങ്ങൾ

രാഷ്ട്രത്തിൻ കോണിലെ ഓരോ

പുഴുക്കളും ചെടികളും

തൻ കൂടപ്പിറപ്പുകളായ് നിനച്ച്

ജീവനും രക്തവും രാഷ്ട്രത്തിനായ്

സമർപ്പിതമാക്കിയ അങ്ങയെ ഇന്നും ഓർമയുണ്ട്

ഞങ്ങൾക്ക് അങ്ങയെ ഇന്നും ഓർമയുണ്ട്:

കാലം നിങ്ങളെ കൊന്നതിന്നു.

ജീവിതം ഞങ്ങളെ തോൽപ്പിച്ചു.

എങ്കിലും ജീവനിൽ നിങ്ങൾ

വിജയിച്ചു.

വാളുമായ് കൊല്ലാനായ് ആരുംവരട്ടെ

ആ കൊട്ടുവായ്ത്തല വളച്ചുമടക്കാൻ

ഞങ്ങൾ പഠിച്ചു

നിങ്ങളിൽ നിന്ന്

നിങ്ങളിൽ നിന്നുമാത്രം.

ഇപ്പോഴും ജീവിച്ചിരിക്കുന്ന സത്യമാണ് നിങ്ങൾ

മരണമില്ലാത്ത ത്യാഗമാണു നിങ്ങൾ

കാലത്തിൻ ചക്രവ്യൂഹംഭേദിച്ചു നിങ്ങൾ

ഇന്നും ജീവിക്കുന്നു

ആദിത്യ .കെ

9.A

# ആരാണു ഞാൻ....???

പേനയിൽ നിന്നു ഉതിർന്നു ഞാൻ
ജീവന്റെ  വഴികളിൽ  നടന്നു-
മനസ്സിന്റെ ആഴങ്ങളിൽ തൊട്ടു-
അറിയാതെ കണ്ണിലെ മഴത്തുള്ളിയിൽ
അലിഞ്ഞു  ഞാൻ.....

ദുഖത്തിന്റെ നിഴലിൽ ജീവിക്കുന്നു
സന്തോഷിന്റെ വീഥിയിൽ കനവാകുന്നു
ഞാൻ ജീവസ്സറ്റതാണെങ്കിലും.....
ഹൃദയസ്പന്ദനം എന്നിലൂടെ.....
അനശ്വര ശയ്യയിൽ കിടന്നുറങ്ങുന്നു
ചോദ്യോത്തരങ്ങളുടെ  വാതിൽ
തുറന്നു.....

ഉത്തരങ്ങൾക്കായി  ഞാൻ തിരയവേ
മഷിയിൽ നിന്ന്  ജന്മം പൂണ്ട്-

കരാളഹൃദയങ്ങളിൽ വെണ്മ പരത്തി.....
വിമർശനത്തിൻ ശിരസ്സിൽ ചവിട്ടി-
അലയുന്ന ഉത്തരങ്ങൾക്കു വേണ്ടി.....
ചരിത്രത്തിൽ വഴി വിളക്കായി നീങ്ങവേ
തങ്കലിഖിതങ്ങളിൽ എൻ പേർ പതിഞ്ഞിടും
ഞാനാരാണെന്നുള്ള ഉത്തരം
നിൻ പേന തുമ്പിൽ വിരിഞ്ഞിടും
വിരൽ തുമ്പിൽ ഞാൻ നിഴലിച്ചു
കാണുമ്പോൾ
എല്ലാ ചോദ്യങ്ങൾകും ഉത്തരമായി.....

ആരാണ് ഞാൻ

ഞാനാണ് "കവിത"

BY JINSHA , ANJANA

9-B

# മഴ പെയ്തു



മഴ... മഴ... മഴ... മഴ... മഴ
പെയ്തു
കുട... കുട... കുട... കുട
നീർന്നു
പുഴയും തോടും
നിറഞ്ഞൊഴുകി
മാനം തോർന്നു മഴ നിന്നു
ചറ പറ ചറ പറ വീണ്ടും
മഴ പെയ്തു
മഴയെ കണ്ടൊരു കാറ്റും പോയി
കാറ്റിനെ കണ്ടൊരു മഴയും പോയി
അയ്യോ അയ്യോ ഇടിവെട്ടി
ഠേ ഠേ ഠേ പേടിച്ചു
ഇടിയുടെ ശബ്ദം കൂടി......

സുദിൻ ദേവ് ഒ.പി

# എന്റെ സ്വന്തം മാമൻ

മാമാ ാ ാ അമ്പിളിമാമ
എന്റെ സ്വന്തം അമ്പിളിമാമ
എവിടെയാണ് മാമൻ
മാമു തിന്നാൻ മാമൻ വേണം
വാവുറങ്ങാൻ മാമൻ വേണം
ഞാൻ നടന്നാൽ മാമൻ നടക്കും
ഞാൻ നിന്നാൽ മാമൻ നിൽക്കും
വാവാ വാവാ അമ്പിളിമാമ
എന്നുടെ സ്വന്തം അമ്പിളിമാമ

ആദിഷ എ.കെ
4-a

# ഓക്ക് മരത്തിലേക്ക്



ജനലരികിൽ കസേരഇട്ട് പുറത്തേക്ക്
നോക്കി കുറച്ച് നേരം അങ്ങനെ ഇരുന്നു.
തെല്ലൊരു ആശ്വാസത്തിനായി തണുത്ത
കാറ്റ് എന്നെ പതുക്കെ തലോടിപ്പോയി.
ജനാലയുടെ അരികിൽ നിന്നും പുറത്തേക്ക്
നോക്കുമ്പോൾ ധാരാളം ഫ്ലാറ്റുകളും,
കമ്പനികളും,കടകളും മാത്രം.കുറേ
ദിവസമായി അമ്മ വിളിക്കുന്നു നാട്ടിൻ പുറത്തേക്ക്.
കുറച്ച് ദിവസം അരവിന്ദനെയും കൊണ്ട് നിൽക്കാൻ വരാൻ
പറയുന്നു.നാട്ടിൻ പുറത്തെ
പടുമരങ്ങളെക്കാൾ ഉയരത്തിൽ നിൽക്കുന്ന ഓക്ക് മരം ധാരാളം
പക്ഷികളും,
അണ്ണാരക്കണ്ണനും കൂട് കൂട്ടി താമസിക്കുന്ന മരമാണ് സ്കൂൾ വിട്ടാൽ ഉടൻ
ഞാനും,
രാമനും,രാജുവും,അപ്പുവും എത്തി അതിന്റെ ചില്ലകളിൽ കയറി
ഇരിക്കുമായിരുന്നു.
നേരം വൈകി വീട്ടിൽ വരുമ്പോൾ പ്രഭാകരൻ നായരുടെ ചീത്തയും
അച്ഛന്റെ
കൈയിൽനിന്ന് അടിയും കട്ടും.പ്രഭാകരൻ നായർ വലിയ
ദേഷ്യക്കാരനാണ്.
കുട്ട്യോള് അടങ്ങി ഒതുങ്ങി വീട്ടിലിരുന്ന് പഠിക്ക്യാ വേണ്ടെ അല്ലാതെ
തെണ്ടിനടക്കല്ല
എന്ന് എപ്പോഴും പറയുമായിരുന്നു.പക്ഷെ ഞാൻ അത് ശ്രദ്ധിക്കാറില്ല1

എന്റെ മനസ്സിൽ എപ്പോഴും മലയുടെ മുകളിൽ ഉള്ള
ഓക്കുമരത്തിനെക്കുറിച്ചുള്ള ചിന്തയായിരുന്നു.അതിന്റെ ചില്ലകളിൽ നിന്ന് താഴേക്ക് നോക്കിയാൽ ധാരാളം
വൃക്ഷങ്ങളും,വീടുകളും കാണാം.എനിക്കും കൂട്ടുക്കാർക്കും
അത്കൗതുകകരമായിരുന്നു.
അതിന്റെ ചില്ലകളിൽ ആകാശത്തോളം ഉയരത്തിൽ
നീണ്ടുനിൽക്കുന്നുണ്ട്.അതിന്റെ
മുകളിൽ  കൂട് വെച്ച് ഓരോ ജീവികളും താമസിക്കുന്നു1ഉഷ്ണ്കാലത്തെ മരങ്ങളുടെ ഇല
പൊഴിച്ചിൽ കാലത്ത് ഓക്ക് മരത്തിന്റെ ഇലകൾ പഴുത്ത് ചാടാറായി
നിൽക്കുമ്പോൾ അതിന്റെ അടുത്തുചെന്ന് നോക്കുമ്പോൾ എന്തൊരു
ഭംഗിയായിരുന്നു1ഊഷ്ണത്തിന്റെ ചൂടുകാറ്റിൽ ഓക്കിന്റെ ഇലകൾ താഴേക്ക് വീഴുമ്പോൾ അതിനെ ചാടിപ്പിടിച്ച് മത്സരം വെക്കുമായിരുന്നു
ഓരോരുത്തരും എത്ര ഇല പിടിച്ചു എന്നത്1അവധിക്കാലത്ത്
ഓക്കുമരത്തിന്റെ ചോട്ടിൽ ഇരുന്ന് കുട്ടീം കോലും കളിച്ചതും
വൈകുന്നേരം 6 മണിക്ക് അച്ഛന്റെ സഞ്ചിയിൽ നിന്നും പൈസ എടുത്ത്
കൂട്ടുകാരുമൊത്ത് സിനിമയ്ക്ക് പോയതും.സിനിമയ്ക്ക് പോകുമ്പോൾ
പ്രഭാകരൻ നായർ കാണാതെ വേണം പോകാൻ.വൈകുന്നേരം അയാൾ
ചായ കുടിക്കാൻ പോകുന്ന സമയമാണ്. കണ്ടാൽ പിന്നെ
നാറ്റിക്കും.ഞാൻ പ്രി.ഡിഗ്രിയ്ക്ക് പഠിക്കുമ്പോൾ വലിയ ഓക്കുമരത്തെ
മുറിക്കാൻ വരുന്ന കാര്യം ഞാൻ അറിഞ്ഞു.ഞാൻ കൂട്ടുകാരെ
വിവരമറിയിച്ചു.ഞങ്ങൾ ആകെ വിഷമിച്ചു.ഓക്കുമരത്തിന്റെ മുകളിൽ
താമസിക്കുന്ന ജീവികളും പക്ഷികളും എവിടെ പോകും.ഓക്കുമരത്തെ
മുറിച്ചാൽ പ്രകൃതിയുടെ ഭംഗിതന്നെ ഇല്ലാതാവും.ഇനി നമ്മൾ എങ്ങനെ
ഓക്കുമരത്തെ മരംവെട്ടുകാരിൽനിന്ന് രക്ഷിക്കും?നമുക്ക് വനംവകുപ്പിന്
പരാതി നൽകിയാലോ?കാട്ടിലുള്ള മരമാകുമ്പോൾ അവരുടെ

അനുവാദമില്ലാതെ മുറിക്കാൻ പറ്റില്ല.ഓക്കുമരത്തെ രക്ഷിക്കാൻ വേണ്ടി ഞങ്ങൾ പരാതി കൊടുത്തു.രണ്ട് ദിവസം കഴിഞ്ഞപ്പോൾ മറുപടിയും ലഭിച്ചു.ഓക്കുമരം മുറിക്കുന്നത് തടഞ്ഞുകൊണ്ടുള്ള വനംനകുപ്പ് നോട്ടീസ് ആയിരുന്നു അത്.ഞങ്ങൾ വളരെ സന്തോഷത്തോടെ ഈ കാര്യം മരംവെട്ടുകാരെ അറിയിച്ചു.അവർ മരം മുറിക്കുന്നില്ല എന്ന് ഞങ്ങളെ അറിയിച്ചു.

വൈകീട്ട് ജോലി കഴിഞ്ഞ് രമ ഫ്ലാറ്റിൽ എത്തിയപ്പോൾ രാജേട്ടൻ ഉറങ്ങിപ്പോയിരുന്നു."രാജേട്ടാ എന്തൊരു കിടപ്പാ ഇത്".രാജു പറഞ്ഞു,"നീ വന്നോ,ഞാൻ കുട്ടിക്കാലത്തെ തമാശകൾ ഓർത്ത് ഉറങ്ങിപ്പോയതറിഞ്ഞില്ല"."നമുക്ക് നാട്ടിലേക്ക് കുറച്ച് ദിവസം നിൽക്കാൻ പോകാം രാജേട്ടാ"."ശരി രമേ നമുക്ക് നാളെ രാവിലത്തെ വണ്ടിക്കു പോകാം".

പിറ്റേന്ന് ഉച്ചയോടുകൂടി അവർ വീട്ടിൽ എത്തി.അച്ഛനും അമ്മയും വളരെ അധികം സന്തോഷമായി.കാലങ്ങളായി മോനെ നിന്നെ കണ്ടിട്ട്,നിനക്ക് സുഖം തന്നെയല്ലേ,എന്ന ഞാൻ ചോദിച്ചു.മലയുടെ മുകളിലോട്ട് അവന് പോകണം എന്നവൻ പറഞ്ഞു.അവനെയും കൂട്ടി ഞാൻ ഓക്കുമരത്തിന്റെ അടുത്തേക്ക് പോയി.വർഷങ്ങൾ പിന്നിട്ടിട്ടും ആ ഓക്കുമരം പഴയപോലെ നീണ്ടുനിവർന്നു കിടപ്പുണ്ടായിരുന്നു.

-അർച്ചന ടി.എം
10-B

# Some drawings



**yasin**
**8-A**



# ***Editorial Board***




***Anagha*** ***Krishnapriya***

***Afeefa*** ***Asifa***

***Hiba Sherin*** ***Hafeefa Asees***

***Shifa Sherin***

# നന്ദി

"ഒരു ഡിജിറ്റൽ മാഗസിൻ".........അതും നമ്മുടെ സ്കൂളിന്റെ .....അതും ഞങ്ങൾ ലിററിൽ കൈററ്സ് കുട്ടികൾ വഴി...,കൈയ്യെത്താ ദൂരത്തായിരുന്ന ആ ദൗത്യം.........ആ സ്വപ്ന ദൗത്യത്തെ കൈയ്യെത്തിപ്പിടിക്കാൻ സഹായിച്ച എല്ലാ നന്മ മരങ്ങൾക്കും .........ഹെഡ്മിസ്ട്രസ് സോണി ടീച്ചറിനും,കൈറ്റ് മാസ്റ്റർ ശരത് സാറിനും,മിസ്ട്രസ് ശ്രീക്കുട്ടി ടീച്ചറിനും,എസ്. ആർ. ജി രജിഷ ടീച്ചറിനും,പി.റ്റി.എ പ്രസിഡന്റ് രമേശൻ സാറിനും,സ്ററാഫ് സെക്രട്ടറി ശ്രീജ ടീച്ചറിനും, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നമ്മുടെ ഹൃദയത്തിൽ തൊട്ട നന്ദി അറിയിച്ചുകൊള്ളുന്നു............